നം.ക്യൂ.ഐ.പി(2)/1748/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി 27.05.2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ

3778

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം :- പൊ.വി. - കുട്ടികളുടെ അറിവുകളെ ചേർത്തുവച്ച് വിജ്ഞാന കോശം നിർമ്മിക്കുന്നത് - സംബന്ധിച്ച്.

സൂചന :- പി.ടി.ബി സ്മാരക ബാലശാസ്ത്ര പരീക്ഷ കൊല്ലം ജില്ലാ കോർഡിനേറ്റർ ആയ ശ്രീ കരീപ്ര എൻ. രാജേന്ദ്രൻ 05.04.2016 ന് ഈ ആഫീസിൽ നൽകിയ അപേക്ഷ.

ആധുനിക ലോകത്തിൽ കുട്ടികൾ ധാരാളം മത്സര പരീക്ഷകൾ നേരിടേണ്ടിവരുന്നുണ്ട്. ഇതിന്റെ ശരിയായ രീതിയിലുള്ള തയ്യാറെടുപ്പ് വർഷങ്ങളുടെ പ്രയത്നം ആവശ്യമാണ്. അതിന്റെ നിർമ്മാണ പ്രക്രിയയിലൂടെ കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയവും വിശിഷ്യാ അധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- കുട്ടികൾ പഠിക്കുന്ന അറിവുകൾ ഡയറി എഴുതുംപോലെ എന്നും രേഖപ്പെടുത്തേണ്ടതുണ്ട്. ഇത് കുട്ടികൾക്ക് ഒരു വിജ്ഞാനകോശമാക്കി മാറ്റി മത്സരപരീക്ഷകൾക്ക് ഉപയോഗിക്കാവുന്നതാണ്.
- ഇത്തരത്തിൽ ഒരു വിജ്ഞാനകോശം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സ്കൂളിലെ എല്ലാ കുട്ടികളെയും ബോധ്യപ്പെടുത്തേണ്ടതാണ്.
- പി.ടി.എ വിളിച്ചുചേർക്കുമ്പോൾ ഇത്തരം അറിവുനിർമ്മാണ പ്രക്രിയയുടെ ആവശ്യകത രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുകയും വിജ്ഞാനകോശ നിർമ്മാണത്തിന് രക്ഷകർത്താക്കളുടെയും കുട്ടിയുടെ വീടിനടുത്തുള്ള മറ്റ് ഏജൻസികളുടെയും സഹായം തേടാവുന്നതാണെന്ന് അറിയിക്കുകയും വേണം.
- ഇത്തരത്തിൽ തയ്യാറാക്കുന്ന ഡയറികൾ എല്ലാ വർഷവും അവസാനം സ്കൂളിൽ സമർപ്പിച്ച് അവയിൽ മികച്ചതിന് സ്കൂൾ അസംബ്ലിയിൽ അംഗീകാരം നൽകാവുന്നതാണ്.
- പാഠ്യ-പാഠ്യേതര അറിവുകൾ വിജ്ഞാനകോശനിർമ്മാണത്തിന് ഉപയോഗിക്കുന്നതിനാൽ ഇവ അവധിക്കാലത്തും തുടരേണ്ട പ്രവർത്തനമാണെന്ന് കുട്ടികളെ മനസ്സിലാക്കി കൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Scanned by CamScanner